ഉത്തരം

(എ) 2003-04 കാലയളവിൽ സംസ്ഥാനത്ത് ഇതുവരെ 12 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ബി) മാനേജ്മെന്റിന്റെ സാമ്പത്തിക പ്രതിസന്ധി, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, ഉല്പന്നങ്ങൾക്ക് മതിയായ ഡിമാന്റില്ലായ്മ, ഇലക്ട്രിസിറ്റി ചാർജ്ജിലെ വർദ്ധനവ് എന്നിവയാണ് അടച്ചുപൂട്ടലിന് ഇടയാക്കിയ സാഹചര്യങ്ങൾ.

(സി) തൊഴിൽ തർക്കം മൂലമല്ല ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുള്ളത് എന്നതിൽ തൊഴിൽ വകുപ്പിന് മാത്രമായി ഇതു പരിഹരിക്കാൻ കഴിയില്ല.

തൊഴിൽ തർക്കങ്ങളുടെ പേരിൽ അടഞ്ഞുകിടക്കുന്ന വ്യവസായങ്ങൾ

85 [1224] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ തർക്കങ്ങളുടെ പേരിൽ അടച്ചുപൂട്ടിയ എത്ര വ്യവസായങ്ങൾ സംസ്ഥാനത്തുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സ്ഥാപനങ്ങളിലെല്ലാംകൂടി ആകെ എത്ര തൊഴിലാളികൾ പ്രവർത്തിച്ചു വന്നിരുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 4 എണ്ണം.

(ബി) 241 തൊഴിലാളികൾ.

ലോക്കൗട്ടുമൂലം പൂട്ടിക്കിടക്കുന്ന പ്ലാന്റേഷനുകൾ

86 [1225] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്ലാന്റേഷനുകൾ ലോക്കൗട്ടുമൂലം പൂട്ടിക്കിടക്കുകയാണെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതൊക്കെയാണെന്നും ഓരോന്നിലും എത്ര തൊഴിലാളികൾ വീതം ജോലി ചെയ്തിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) തൊഴിൽശാലകൾ പൂട്ടിക്കിടക്കുന്നതുമൂലം സംസ്ഥാനത്തിന് എത്ര തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നുവെന്നും അതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന പ്രതിമാസ സാമ്പത്തിക നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്ലാന്റേഷൻ മംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ലോക്കൗട്ട്മൂലം മൂന്ന് തേയിലത്തോട്ടങ്ങൾ പൂട്ടിക്കിടപ്പുണ്ട്.

(ബി) കരിംതരുവി എസ്റ്റേറ്റിൽ 460 തൊഴിലാളികളും, ഏലപ്പാറ പെൻഷുവേഴ്സ്റ്റ് എസ്റ്റേറ്റിൽ 215 തൊഴിലാളികളും, വയനാട് പതൂർ പ്ലാന്റേഷനിൽ (എൽസ്റ്റൺ എസ്റ്റേറ്റ്) 600 തൊഴിലാളികളും ജോലി ചെയ്തിരുന്നു.

(സി) തൊഴിൽശാലകൾ പൂട്ടിക്കിടക്കുന്നതുമൂലം സംസ്ഥാനത്തിന് 206,925 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നു. ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഓരോ തൊഴിൽ മേഖലയ്ക്കും വ്യത്യസ്ത തോതിലായതിനാൽ കൃത്യമായി ഇനിയും കണക്കാക്കിയിട്ടില്ല.

(ഡി) അടച്ചുപൂട്ടിയ തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി തോട്ടം ഉടമകളും തൊഴിലാളി പ്രതിനിധികളുമായി തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും വകുപ്പ് ഉദ്യോഗസ്ഥന്മാർ മുഖേനയും നിരന്തരം ചർച്ചകൾ നടത്തിയതിന്റെ ഫലമായി പല തോട്ടങ്ങളും ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര സംസ്ഥാന സർക്കാർ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പട്ടിണിമൂലം കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമുള്ള ഫണ്ട് ഉപയോഗിച്ച് ഒരു കുടുംബത്തിന് ആഴ്ചയിൽ 10 കിലോ അരി എന്ന തോതിൽ സൗജന്യ റേഷൻ അനുവദിച്ചുവരുന്നു. 'ജോലിക്ക് ഭക്ഷണം' പദ്ധതിയിൽ ഉൾപ്പെടുത്തിയും അരി വിതരണം നടത്തിവരുന്നു. ഇതിനു പുറമെ കഴിഞ്ഞ ഓണക്കാലത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ സൗജന്യറേഷൻ ലഭിക്കുന്ന 9839 തൊഴിലാളികൾക്ക് 500 രൂപ വീതം 49,19,500 രൂപ എക്സ്ഗ്രേഷ്യാ അലവൻസായി വിതരണം ചെയ്തിട്ടുണ്ട്. പീരുമേട്ടിലെ തോട്ടം മേഖലയിലെ ആശുപത്രികളിൽ മരുന്നും ചികിത്സാ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളതുകൂടാതെ, ആധുനിക ചികിത്സാ സജ്ജീകരണങ്ങളുള്ള ഒരു മൊബൈൽ മെഡിക്കൽ വാൻ പ്രവർത്തിച്ചുവരുന്നു.

തോട്ടം തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് 2003-04 സാമ്പത്തിക വർഷം പ്രത്യേക ആനുകൂല്യമായി യൂണിഫോം അലവൻസ്, ഹോസ്റ്റൽ ഫീസ്, ഉന്നത വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ഇനങ്ങൾക്കായി 1,73,409 രൂപാ ലേബർ വെൽഫെയർ ഫണ്ട് ബോർഡ് മുഖേന വിതരണം ചെയ്തിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് ഈ മേഖലയിലെ സ്കൂളുകളിൽനിന്നും ഉച്ചക്കഞ്ഞി വിതരണം നടത്തിവരുന്നു. കൂടാതെ ലേബർ വെൽഫെയർ ഫണ്ടിൽനിന്നും നിയമാനുസൃതമായി ഗുരുതര ചികിത്സയ്ക്കുള്ള സഹായവും മരണാനന്തര സഹായവും നൽകിയിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. 2003-04 സാമ്പത്തിക വർഷത്തിൽ കമ്പനികൾ ഒഴികെയുള്ള പ്ലാന്റേഷൻ കർഷകരെ കാർഷികാദായ നികുതി നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്ലാന്റേഷൻ കമ്മിറ്റിയിലുണ്ടായ ഉടമ്പടിപ്രകാരം 1-6-2002 മുതൽ തേയിലയുടെ സ്റ്റാൻഡേർഡ് ഔട്ട്പുട്ട് 2 കിലോ തോതിൽ വർദ്ധിപ്പിക്കുവാനും അതുവഴി കുറെക്കൂടി മെച്ചപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദനക്ഷമത കൈവരിക്കുന്നത് ഉറപ്പാക്കുവാനും നടപടി സ്വീകരിച്ചു. നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് തൊഴിലാളികൾക്കുള്ള ബോണസ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചു നൽകിവരുന്നു.

പ്ലാന്റേഷൻ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ഒരു നിവേദനംവഴി ആവശ്യപ്പെട്ടതിന്റെ ഫലമായി ടീ മാർക്കറ്റിംഗ് കൺട്രോൾ ഓർഡർ 2003 നടപ്പാക്കിയതിലൂടെ തേയില ലേല നിയമത്തിന് കാര്യമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ കേന്ദ്ര വാണിജ്യ മന്ത്രാലയം നടപടി സ്വീകരിച്ചു. കേന്ദ്ര ധനമന്ത്രാലയം കിലോയ്ക്ക് ഒരു രൂപ നിരക്കിൽ എക്സൈസ് ഡ്യൂട്ടി ഇളവ് പ്രഖ്യാപിക്കുകയും പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിന് താങ്ങു നൽകുവാൻ സർചാർജ്ജ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയിൽ 1-4-2002 മുതൽ കുടിശ്ശികയായ ഡി.എ., കാർഡമം പ്ലാന്റേഷനുകളിൽ 1-10-2003 മുതൽ കുടിശ്ശിക കൊടുക്കാൻ ധാരണയായിട്ടുണ്ട്.

തൊഴിൽ സമരംമൂലം അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ

87 [1226] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 33 മാസത്തിനുള്ളിൽ തൊഴിൽ സമരംമൂലം എത്ര വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തൊഴിൽ സമരങ്ങൾ സംസ്ഥാനത്ത് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്;

(സി) ഈ കാലയളവിൽ തൊഴിൽ വകുപ്പ് മുൻകൈ എടുത്ത് ഉണ്ടാക്കിയിട്ടുള്ള തൊഴിൽ തർക്ക എഗ്രിമെന്റുകൾ എത്രയാണെന്ന് പറയാമോ;

(ഡി) തൊഴിലാളികളുടേതല്ലാത്ത കാരണങ്ങളാൽ എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിൽ 1000-ൽ കൂടുതൽ പേർ തൊഴിലെടുക്കുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 8 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ബി) 98 തൊഴിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) 9,618 തൊഴിൽ തർക്ക എഗ്രിമെന്റുകൾ ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) 24 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ഇ) ഒന്നുമില്ല.

പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ നൽകാതെ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ തോട്ടം മാനേജ്മെന്റുകൾ

88 [1227] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly